സാമ്പത്തിക—സാമൂഹ്യവികസനവുമാണ്. ഒളിമ്പിക്സ് ഇന്നത്തെ മാതിരി നടത്തിക്കൊണ്ടുപോയാൽ എത്തിയോപ്പിയ, മൊസാംബിക്, അംഗോള, കോംഗോ, ഗിനി, താൻസാനിയ, സാംബിയ, സിംബാബ്വെ തുടങ്ങിയ ആഫ്രിക്കൻ രാഷ്ട്രങ്ങളിലെയോ ഇക്വഡോർ, പെറു, ഗയാന, പനാമ, നികരാഗ്വ തുടങ്ങിയ ലാററിൻ അമേരിക്കൻ രാഷ്ട്രങ്ങളിലെയോ കായികതാരങ്ങൾക്ക് സ്വന്തം സാമർഥ്യം പ്രകടിപ്പിക്കാൻ അവസരം എന്നെങ്കിലും കൈവരുമോ? ലോകത്തിലെ നൂറിലേറെ ദരിദ്ര രാജ്യങ്ങൾക്ക് എന്നാണ് ഒളിമ്പിക് ഗെയിംസ് തങ്ങളുടെ അതിർത്തികളിൽവെച്ച് നടത്താൻ കഴിയുക? ഒളിമ്പിക് ഗെയിംസ് നടത്തുന്നതിന്റെ ചുമതല ഐക്യരാഷ്ട്രസമിതി ഏറെറടുക്കന്നപക്ഷം, മൂന്നാംചേരി രാജ്യങ്ങളിലും സ്പോർട്സ് സൗകര്യങ്ങൾ വികസിക്കും; ഈ രാജ്യങ്ങളിൽവെച്ച് ഒളിമ്പിക് ഗെയിംസ് നടത്താനും സാധ്യമാവും. സ്വന്തം പ്രദേശത്തുവെച്ച് ഒളിമ്പിക് ഗെയിംസ് നടത്തുന്നതിന്റെ ഫലമായി ഒരു ദരിദ്രരാഷ്ട്രത്തിൽ സ്പോർട്സിനു കൈവരാനിടയുള്ള ത്വരിതവും ബൃഹത്തുമായ വികസനത്തെപ്പററി ആലോചിച്ചുനോക്കുക!

ഒളിമ്പിക് പ്രസ്ഥാനത്തെ ബാധിച്ചിട്ടുള്ള പ്രതിസന്ധി താല്ക്കാലികമല്ല; അതിന്റെ സംഘടനയിൽനിന്നുതന്നെ പൊട്ടിമുളച്ചതാണ്. ലോകമാനവസമൂഹത്തെ പ്രതിനിധാനംചെയ്യുന്ന ഐക്യരാഷ്ട്രസമിതി നേരിട്ട് ഒളിമ്പിക് ഗെയിംസ് നടത്തുന്നതിന്റെ ചുമതല ഏറെറടുക്കുകയും, സ്ഥിരമായും മുടക്കംകൂടാതെയും അതു നടത്തുന്നതിനു് സ്ഥിരവും ജനാധിപത്യാധിഷ്ഠിതവുമായ ഒരു വ്യവസ്ഥിതി ഉണ്ടാക്കുകയും വേണം എന്ന കാസ്ട്രോവിന്റെ നിർദേശം കാലോചിതവും ധീരവും യുക്തിസംഗതവും അനുമോദനാർഹവുമാണ്.

മൂന്നാംചേരിരാഷ്ട്രങ്ങൾ ഏകകണ്ഠമായി ഈ ആവശ്യം ഉന്നയിക്കേണ്ടിയിരിക്കുന്നു. സ്പോർട്സിൽ താൽപര്യമുള്ള കേരളീയർ ഈ പ്രശ്നത്തെപ്പററി കൂലങ്കഷമായി ചിന്തിക്കുന്നതു് പ്രയോജനകരമായിരിക്കും. ചിന്ത പ്രവൃത്തിയുടെ മാതാവാണല്ലോ.

2—ആഗസ്റ്റ് 1985.

# 14. ഈറാൻ: ഒരു മതരാഷ്ട്രം

ഇന്ത്യ ഒരു മതനിരപേക്ഷരാഷ്ട്രമാണ്. ഇന്ത്യയിലെ പൗരന്മാർക്ക് ഏതു മതത്തിലും വിശ്വസിക്കാനും, ചില പരിമിതികൾക്ക് കീഴിൽ ഏതു് ആചാരവും അനുഷ്ഠിക്കുവാനുള്ള സ്വാതന്ത്ര്യവുമുണ്ട്. മതനിരപേക്ഷരാഷ്ട്രത്തിൽ സർക്കാരിനു് ഒരു മതവുമില്ല. സർക്കാർ ഒരു മതത്തെയും പ്രോത്സാഹിപ്പിക്കുകയോ നിരുത്സാഹപ്പെടുത്തുകയോ ഇല്ല. മതനിരപേക്ഷരാഷ്ട്രത്തിലെ രാഷ്ട്രത്തലവനും (ഇന്ത്യയിൽ ഇതു് രാഷ്ട്രപതിയാണ്) മന്ത്രിമാർക്കും മററും സ്വന്തം നിലയിൽ ദേവാലയങ്ങളിൽചെന്നു് ആരാധന നടത്താം. പക്ഷേ, ഈ ആരാധന സ്റ്റേററിന്റെ പൊതുചടങ്ങായിരിക്കുകയില്ല. ഒരു വ്യക്തിയുടെ സ്വകാര്യച്ചടങ്ങുമാത്രമായിരിക്കും. സ്റ്റേററ്വക പണം ഇതിനായി ചെലവഴിച്ചുകൂടാ.

ഇന്ത്യയിൽനിന്നു് വ്യത്യസ്തമായി, ഒരു 'മതരാഷ്ട്ര'മാണ് പാകിസ്ഥാൻ. പാകിസ്ഥാൻ ഒരു ഇസ്ലാമിക് സ്റ്റേററാണെന്നു പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, പാകിസ്ഥാന്റെ 'ഇസ്ലാമീകരണം' ആരംഭിച്ചിട്ടേയുള്ളു. സിവിലും ക്രിമിനലുമായ സാധാരണനിയമങ്ങൾ പാശ്ചാ

ത്യപാരമ്പര്യത്തിൽനിന്നു വിടർത്തി ശരീയത്ത് നിയമങ്ങൾക്ക് അനുസരിച്ചാക്കുകയാണ് 'ഇസ്‌ലാമീകരണ'ത്തിനുള്ള ഒരു നടപടി. ഒരു സ്ത്രീക്ക് പകുതി പുരുഷന്റെ സ്ഥാനമേ ഉള്ളുവെന്ന് പാകിസ്ഥാൻ തീരുമാനിച്ചതു് ഇത്തരമൊരു നടപടിയാണ്. ഇതനുസരിച്ച്, ഒരു പുരുഷനും ഒരു സ്ത്രീക്കും ഒരേ മാതിരി അംഗവൈകല്യമോ മരണമോ സംഭവിച്ചാൽ, പുരുഷന് കിട്ടുന്ന നഷ്ടപരിഹാരത്തുകയുടെ പകുതിയേ സ്ത്രീക്കു കിട്ടൂ. കോടതികളിൽ രണ്ടു സ്ത്രീകളുടെ സാക്ഷ്യമേ ഒരു പുരുഷന്റെ സാക്ഷ്യത്തിനു തുല്യമായി അംഗീകരിക്കപ്പെടൂ. ഇതുപോലെതന്നെ, ഇസ്‌ലാം പ്രകാരം നിഷിദ്ധമായ പലിശ ബാങ്കുകളിൽ നൽകുന്ന ഏർപ്പാട് ഇല്ലാതാക്കുകയും, നിക്ഷേപകരെ നിക്ഷേപമുപയോഗിച്ച് നടത്തപ്പെടുന്ന വ്യവസായങ്ങളുടെ ലാഭനഷ്ടങ്ങളിൽ പങ്കാളികളാക്കുകയും ചെയ്യുന്നതിനുള്ള പ്രാരംഭനടപടികളും പാകിസ്ഥാനിൽ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. എങ്കിലും പൂർണരൂപത്തിലുള്ള ഇസ്‌ലാമീകരണം ഇനിയും പാകിസ്ഥാനിൽ വന്നുകഴിഞ്ഞിട്ടില്ല. എന്നേക്ക് അവിടെ ഇസ്‌ലാമീകരണം പൂർത്തിയാകുമെന്നു പറയുക വയ്യ.

ഇസ്‌ലാമീകരണം ഏറെക്കുറെ പൂർണമായും നടന്നു കഴിഞ്ഞിട്ടുള്ള ഒരു രാജ്യമാണ് ഇറാൻ. ഇറാനിലെ മുൻ അധിപതിയായിരുന്ന ഷാ ആ രാജ്യത്തെ പാശ്ചാത്യവത്കരിക്കാനാണ് ശ്രമിച്ചതു്. അതിന്റെ നേരെഎതിർവശത്തേക്കുള്ള ഒരു പ്രക്രിയയാണ്, ഷായെ സ്ഥാനഭ്രഷ്ടനാക്കി അധികാരത്തിൽവന്ന ഇമാം ഖൊമൈനിയുടെ നേതൃത്വത്തിൽ ഇറാനിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതു്. ഇസ്‌ലാമിലെ ഷിയാ വിഭാഗത്തിൽപ്പെട്ട ഒരു പുരോഹിതനാണ് ഇമാം ഖൊമൈനി. ഇസ്‌ലാമികമെന്ന് താൻ കരുതുന്ന ആചാരാനുഷ്ഠാനങ്ങൾ ഇറാനിലെ പൗരർക്ക് ഖൊമൈനി നിർബന്ധിതമാക്കിയിരിക്കുന്നു.

രാഷ്ട്രത്തിൽ പരമാധികാരം ദൈവത്തിനാണെന്നതത്രേ ഇസ്‌ലാമിന്റെ ഒരു അടിസ്ഥാനതത്ത്വം. ദൈവത്തിൽനിന്ന് ഈ പരമാധികാരം നേടിയ ആളായിരിക്കണം രാഷ്ട്രത്തലവൻ. ഈ അധികാരത്തിന് നിയതമായ കാലാവധിയൊന്നുമില്ല. രാഷ്ട്രത്തലവൻ തെരഞ്ഞെടുപ്പിന് നിൽക്കേണ്ടതില്ല.

ഷായെ അധികാരത്തിൽനിന്നു പുറംതള്ളിയ വിപ്ലവത്തിനുശേഷം ഇറാന്റെ തലസ്ഥാനമായ ടെഹ്റാനിലെയും മറ്റു നഗരങ്ങളിലെയും മുഖ്യസംഭവങ്ങൾ വെള്ളിയാഴ്ചതോറുമുള്ള പ്രാർത്ഥനായോഗങ്ങൾ ആണ്. ടെഹ്റാനിൽ യൂണിവേഴ്സിറ്റിയിലുള്ള മൈതാനത്തിൽ മൂന്നോ നാലോ ലക്ഷം സ്ത്രീ-പുരുഷന്മാർ എല്ലാ വെള്ളിയാഴ്ചയും പ്രാർത്ഥനയ്ക്ക് ഒന്നിച്ചുചേരുന്നു. ഇറാന്റെ പ്രസിഡണ്ട് (രാഷ്ട്രപതി) സൈയദ് അലി ഖൊമൈനിയോ പാർലമെന്റിലെ സ്പീക്കർ അക്ബർ ഹാഷിമി റഫ്സഞ്ജാനിയോ ആണ് സാധാരണയായി ടെഹ്റാനിലെ വെള്ളിയാഴ്ചപ്രാർത്ഥനയ്ക്ക് നേതൃത്വം നൽകുന്നതു്. പ്രാർത്ഥനയ്ക്കുമുമ്പ് ഒരു മതപ്രസംഗമോ രാഷ്ട്രീയപ്രസംഗമോ ഉണ്ടാവും. ഈ പ്രസംഗം ഉടൻതന്നെ ടെലിവിഷനിലൂടെ നാടുനീളെ പ്രക്ഷേപിക്കുകയുംചെയ്യും. സർക്കാരിന്റെ മിക്ക നയങ്ങളും നടപടികളും ആദ്യമായി പ്രഖ്യാപിക്കപ്പെടുക ഈ പ്രാർത്ഥനായോഗങ്ങളിലാണ്. ചുരുക്കത്തിൽ രാഷ്ട്രത്തിലെ എല്ലാ ജനങ്ങളും ആഴ്ചതോറും കൂട്ടായി പ്രാർത്ഥിക്കുകയും, ഒരേതരത്തിലുള്ള ഔദ്യോഗികപ്രസംഗങ്ങൾ കൂട്ടായി കേൾക്കുകയും വേണമെന്ന് നിർബന്ധമാണ് ഇറാനിൽ.

മതാനുശാസനങ്ങൾ പുസ്തകത്തിലുണ്ടായാൽ മതിയെന്ന് ഇമാം ഖൊമൈനി കരുതുന്നില്ല. മദ്യപാനം ഇസ്‌ലാമിൽ നിഷിദ്ധമാണല്ലോ. ടെഹ്റാൻ നഗരത്തിലെ 'വിജയചത്വര'ത്തിനടുത്തു് പത്തു കി. മീ. നീളമുള്ള

റോഡിൻെറ ഇരുവശങ്ങളിലായി നാനൂററമ്പതു മദ്യഷാപ്പുകളും 'തിരുമ്മൽ കേന്ദ്രങ്ങളും' (മസാജ്പാർലർ) മുമ്പുണ്ടായിരുന്നു. ('തിരുമ്മൽ കേന്ദ്രങ്ങൾ' എന്ന പേരിലറിയപ്പെടുന്നതു് മിക്കവാറും വ്യഭിചാരകേന്ദ്രങ്ങൾ തന്നെയാണ്.) ഇപ്പോൾ ഈറാനിൽ ഒരൊററ മദ്യഷാപ്പോ 'തിരുമ്മൽ കേന്ദ്ര'മോ ഇല്ല. മദ്യം പൂർണമായും നിരോധിച്ചിരിക്കുന്നു. രാജ്യത്തിനകത്തേക്കു് ആരും മദ്യം കടത്തിക്കൊണ്ടു വരാതിരിക്കാൻ കടുത്ത കാവൽ ഏർപ്പെടുത്തിയിരിക്കുന്നു. അടുത്ത കാലത്തു് സർക്കാരിൻെറ അതിഥിയായി തായ്ലാൻഡിൽനിന്നു വന്ന ഒരു പത്രപ്രവർത്തകൻെറ കൈയിലുണ്ടായിരുന്ന മൂന്നു കുപ്പി വിസ്കി, ടെഹ്റാനിലെ വിമാനത്താവളത്തിലെ അധികൃതർ വാങ്ങി, അയാളുടെ കൺമുന്നിൽവെച്ചു കാനയിൽ ഒഴിച്ചുകളഞ്ഞു. ലക്ഷകണക്കിനു് ഈറാനികൾക്കു് കുടി നിർത്തേണ്ടിവന്നു. എങ്കിലും കുടിച്ചേ കഴിയൂ എന്നുള്ളവർക്കുവേണ്ടി ഇപ്പോഴും രഹസ്യമായി കള്ളവാററു് നടക്കുന്നുണ്ടത്രെ. പക്ഷേ, പോലീസ് കണ്ടുപിടിച്ചാൽ പിന്നെ വാററുകാരൻെറ തല അയാളുടെ കഴുത്തിൽ ഏറെസമയം നിലകൊള്ളുകയില്ല.

ഒരു സുന്നി മുസ്ലീം ആയ സദ്ദാംഹുസൈൻെറ നേതൃത്വത്തിൽ ഇറാക്കുമായി ഈറാൻ നാലുവർഷമായി യുദ്ധം ചെയ്തുകൊണ്ടിരിക്കുകയാണു്. ഈ യുദ്ധത്തിനു രാജ്യമാകെ തയ്യാറെടുത്തിരിക്കുന്നു. സമരമുന്നണികളിൽ സാധാരണ പട്ടാളക്കാരോടൊപ്പം സ്വയംസേവകരായ 'വിപ്ലവഗാർഡു'കളും പൊരുതുന്നു. യന്ത്രത്തോക്കേന്തിയ വിപ്ലവഗാർഡുകളെ ഈറാനിൽ എവിടെയും കാണാം. പാർലമെൻറിലെ അംഗങ്ങൾക്കു് സംരക്ഷണം നൽകുന്നതു് വിപ്ലവഗാർഡുകളത്രെ. വിപ്ലവഗാർഡുകൾ അധികവും ഇരുപതുവയസ്സോടടുത്ത പിള്ളേർ ആണ്. വിപ്ലവത്തിൻെറ ആരംഭദിനങ്ങളിൽ ഇവർക്കു് ഏതു വീടുംകേറി പരിശോധിക്കാനും, ആരെയും വഴിയിൽ തടഞ്ഞുനിർത്താനും അധികാരം നൽകപ്പെട്ടിരുന്നു. അക്രമസംഭവങ്ങൾ റിപ്പോർട്ട്ചെയ്യപ്പെട്ടതിനെത്തുടർന്നു് ഈ അധികാരങ്ങൾ ഇപ്പോൾ എടുത്തു മാററപ്പെട്ടിട്ടുണ്ടു്.

പാശ്ചാത്യപരിഷ്കാരത്തിൻ്റെ തങ്ങൾ തിരസ്കരിക്കുന്നു എന്നു കാണിക്കാൻ, പാശ്ചാത്യവസ്ത്രധാരണരീതിയുടെ സവിശേഷതയായ കഴുത്തിലെ 'ടൈ' ഈറാനികൾ ഉപേക്ഷിച്ചിരിക്കുന്നു. പുരുഷന്മാർ ഏറെക്കുറെ മുഴുവനും താടി വളർത്താൻ തുടങ്ങിയിട്ടുമുണ്ടു്. പ്രായക്കൂടുതലുള്ള സ്ത്രീകൾ ഒരു 'ചാദർ'കൊണ്ടു് ഉടലാകെ മൂടുന്നു. ചെറുപ്പക്കാരികൾ ഒരു 'സ്കാർഫു്' കൊണ്ടു് തല മൂടിക്കെട്ടുന്നു. പുറത്തിറങ്ങുമ്പോൾ സ്ത്രീകളുടെ മുഖവും കൈപ്പടങ്ങളുമല്ലാതെ മറെറാരു ശരീരഭാഗവും തുറന്നു കിടന്നുകൂടാ. സ്ത്രീകളുടെ വസ്ത്രധാരണം സംബന്ധിച്ച ഈ നിയമം ഈറാനിൽ പാർക്കുന്ന മറുനാട്ടുകാർക്കും നിർബന്ധിതമാക്കിയിരിക്കുന്നു. ഈറാനിൽ അവശേഷിച്ചിട്ടുള്ള ഇന്ത്യൻ ഡോക്ടർമാരുടെ ഭാര്യമാരും ഇപ്പോൾ തലയടക്കം ശരീരം മുഴുവൻ മൂടുമാറുവേണം വസ്ത്രം ധരിക്കാൻ.

എല്ലാ സർക്കാർ ആഫീസുകളിലും ഹോട്ടലുകളിലും മററു പൊതുസ്ഥലങ്ങളിലും പ്രാർത്ഥനയ്ക്കായി ഒരു മുറി ഒഴിച്ചുവെച്ചിരിക്കുന്നു. ആളുകൾക്കു് നിശ്ചിതസമയത്തു് അവിടെച്ചെന്നു നിസ്കരിക്കാം. ഇമാംഖൊമൈനിയുടെയും മററു നേതാക്കളുടെയും ചിത്രങ്ങൾ എല്ലായിടത്തും പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്നു.

യുദ്ധം കാരണം സാധനവില ഈറാനിൽ വല്ലാതെ വർദ്ധിച്ചിരിക്കുന്നു. എങ്കിലും യുദ്ധരംഗത്തുള്ള ഈറാനിയൻ പട്ടാളക്കാർക്കു് എല്ലാ സുഖസൗകര്യങ്ങളും ലഭ്യമാണ്. നല്ല ഭക്ഷണംമാത്രമല്ല, ഐസിട്ടു തണുപ്പിച്ച ലഘുപാനീയങ്ങളും അവർക്കു നൽകപ്പെടുന്നു. ഓരോ ക്യാമ്പിലും പട്ടാളക്കാരോടൊപ്പം മുമ്പു പറഞ്ഞ 'വിപ്ളവഗാർഡു'കളും പാർക്കുന്നു.

ഇവരുടെ പ്രാർത്ഥനയിൽ നേതൃത്വം നൽകാനായി എല്ലായിടത്തും മുല്ലമാരെ ശമ്പളംകൊടുത്തു നിയമിച്ചിട്ടുണ്ട്.

ഷാ ഇറാനെയാകെ ഒരു 'നൈററ് ക്ലബ്ബ്' ആക്കി മാററാൻ യത്നിച്ചപ്പോൾ, ഖൊമൈനി രാജ്യത്തെ ഒരു പള്ളിയാക്കി മാററാൻ ശ്രമിക്കുകയാണെന്നു പറയാറുണ്ട്. 'ബഹായികൾ' എന്ന മതവിഭാഗക്കാർക്ക് ഇറാനിൽ അസഹ്യമായ മർദനം അനുഭവപ്പെടുന്നതായി അവർ പറയുന്നുണ്ട്. മററു മതന്യൂനപക്ഷങ്ങളുടെ സ്ഥിതി എന്തെന്ന് അറിഞ്ഞുകൂടാ. അവരെപ്പററി വളരെയൊന്നും പറഞ്ഞുകേൾക്കാറില്ല.

ഒരു മതം മാത്രമല്ല, ഒരു സമഗ്രജീവിതരീതികൂടിയാണ് ഇസ്ലാം. അലയടിച്ചുയരുന്ന യാന്ത്രികവ്യാവസായികപാശ്ചാത്യസംസ്കൃതയുടെ കടലിന്റെ നടുവിൽ ഒരു തുരുത്തുപോലെ ഒരു ഇസ്ലാമികരാഷ്ട്രത്തിനു് എത്രകാലം നിലനിൽക്കാൻ കഴിയും? അത്തരമൊരു ചെറുരാജ്യത്തിൽ പരിസ്ഥിതികളുടെ സമ്മർദത്തിനു വിധേയമായി രൂപംകൊള്ളുന്ന ഇസ്ലാമികസംസ്കാരത്തിന്റെ രൂപം ഏതു വിധമായിരിക്കും? ഈ ചോദ്യങ്ങൾക്ക് ആരും ഉത്തരം നൽകുന്നില്ല. അതേസമയം 'ഇസ്ലാമിക ഫണ്ടമെൻറലിസ'ത്തിൽ അടിയുറച്ചു വിശ്വസിക്കുന്ന ഇമാം ഖൊമൈനിക്കു കീഴിൽ ഇറാനു് വന്നുകൊണ്ടിരിക്കുന്ന മാററങ്ങൾ ലോകമെങ്ങും താല്പര്യം ഉണർത്തുന്നുമുണ്ട്. ശ്രദ്ധാപൂർവമായ പഠനം അർഹിക്കുന്ന ഒന്നാണ് ഈറാനിലെ സാമൂഹ്യപരീക്ഷണം. ബലപ്രയോഗത്തിലൂടെ ഒരു ജനതയെയാകെ മതനവോചാരത്തിലേക്കു നയിക്കാനുള്ള പരിശ്രമം, ഇന്നത്തെ ഏകലോക കാലഘട്ടത്തിൽ, എത്രമാത്രം ഫലപ്രദമായിരിക്കും?

# 15. അഹമ്മദീയർ

മതമേതായാലും രാഷ്ട്രം (സ്റ്റേററ്) മതാധിഷ്ഠിതമാവരുത്. മതാധിഷ്ഠിതമായ രാഷ്ട്രത്തിൽ ന്യൂനപക്ഷ മതവിഭാഗങ്ങൾക്കു നേരിടാവുന്ന കെടുതികൾക്ക്, പാകിസ്ഥാനിലെ അഹമ്മദീയവിഭാഗക്കാരുടെ ഇപ്പോഴത്തെ ദുസ്ഥിതി ഉദാഹരണമാണ്.

അഹമ്മദീയരെ 'കാദിയാനികൾ' എന്നും വിളിക്കാറുണ്ട്. ഇപ്പോൾ ഇന്ത്യയിൽപ്പെട്ട കിഴക്കൻ പഞ്ചാബിൽ, 'കാദിയാൻ' എന്ന നഗരത്തിൽ പിറന്ന മിർസാഗുലാം അഹമ്മദ് എന്നൊരാളാണ് 1889–ാമാണ്ടിൽ അഹമ്മദീയമതവിഭാഗം സ്ഥാപിച്ചതു്. താൻ ഇസ്ലാമിലെ ഒരു പ്രവാചകനും, ക്രിസ്തുവിന്റെയും കൃഷ്ണന്റെയും അവതാരവുമാണെന്നു് 1882–ൽ മിർസാഗുലാം അഹമ്മദ് പ്രഖ്യാപിച്ചുവത്രെ. ഏകദൈവവിശ്വാസം പുലർത്തുകയും, മഹമ്മദ്നബിയെ പ്രവാചകനായി അംഗീകരിക്കുകയും, ഖുറാനിൽ അടിയുറച്ചു വിശ്വസിക്കുകയും, മുസ്ലീം ആചാരക്രമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നുണ്ടെങ്കിലും, മിർസാഗുലാം അഹമ്മദ് ഒരു പില്ക്കാല പ്രവാചകനാണെന്നു കരുതുന്നതിനാൽ, അഹമ്മദീയരെ മുസ്ലീങ്ങളായി കണക്കാക്കാൻ യാഥാസ്ഥിതിക മുസ്ലീങ്ങളും, അവരെ തുടർന്നു്, പാകിസ്ഥാൻ സർക്കാരും വിസമ്മതിക്കുന്നു.

പാകിസ്ഥാനെ ശരിക്കുമൊരു 'ഇസ്ലാമികരാഷ്ട്രം' ആക്കുന്നതിനുള്ള പ്രയത്നങ്ങളിൽ മുഴുകിയിരിക്കുകയാണ് അവിടത്തെ സൈനികഭരണാധികാരിയായ സിയാ ഉൽഹക്ക്. ഇക്കഴിഞ്ഞ ഏപ്രിൽമാസത്തിൽ സിയാ ഉൽഹക്ക് പാസ്സാക്കിയ ഒരു ഓർഡിനൻസ് പ്രകാരം, തങ്ങൾ മുസ്ലീങ്ങളാണെന്നു മേലിൽ പാകിസ്ഥാനിലെ അഹമ്മദീയർ പറഞ്ഞുകൂടാ.